**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2419 05.11.2019-ലെ മറുപടിക്ക്

## റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാൻ കമ്പനി രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാൻ സിയാൽ മാതൃകയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ കമ്പനി രൂപീകരണത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബർ മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി സിയാൽ മോഡലിൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ 02/02/2019-ലെ G.O(MS) 16/2019/ID ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കമ്പനി എവിടെയാണ് പ്രവർത്തന സജ്ജമാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ എന്നും ആരൊക്കെയാണ് അതിലെ അംഗങ്ങൾ എന്നും അറിയിക്കാമോ; | (ബി) സർക്കാർ ഉത്തരവ് G.O.(MS) 16/2019/ID dt.02/02/2019 പ്രകാരം 11 അംഗ ബോർഡ് ആണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 6 ഡയറക്ടർമാർ (ചെയർമാൻ, വൈസ് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള സർക്കാർ പ്രതിനിധികളും), 5 മുതൽ 10% വരെ ഓഹരി പങ്കാളിത്തത്തോടു കൂടി സ്വകാര്യ മേഖലയിൽ നിന്നുള്ള 3 ഡയറക്ടർമാർ, മറ്റ് സ്റ്റേക്ക് ഹോൾഡേസിന്റെ പ്രതിനിധികളായിട്ടുള്ള 2 ഡയറക്ടർമാർ എന്നിവരാണ് അംഗങ്ങൾ |
| (സി) പ്രസ്തുത കമ്പനിക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ? | (സി) കണ്ടെത്തിയ സ്ഥലങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടന്നു വരുന്നു. സിയാൽ മോഡലിൽ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കണ്ടെത്തിയിട്ടുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്നങ്ങളാണ് കമ്പനി മുഖേന നിർമ്മിക്കാനുദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**